# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി10/931/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 22/01/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലിയപറമ്പ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി10/931/2021 തീയ്യതി: 22/01/2022

## കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 31-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-12-2021 | 31-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി (ഓഡിറ്റ് ഓഫീസർ)
തോമസ്.കെ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ.എം.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ഹരി വേണഗോപാലൻ.കെ.വി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അബ്ദുൾ ജബ്ബാർ.എം.ടി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| സജീവൻ.വി.വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| റാഷിദ്.കെ.ടി | സെക്രട്ടറി | 01-04-2020 | 02-08-2020 |
| വിനോദ് കുമാർ.കെ | സെക്രട്ടറി | 03-08-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വഹീദ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| സന്തോഷ് കുമാർ ചാലിൽ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഗിരിജ.കെ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ലത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| സമീറ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വലിയപറമ്പ സർക്കിൾ | 01-04-2020 | 31-03-2021 |
| മുസ്തഫ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാവിലാക്കടപ്പുറം സർക്കിൾ | 01-04-2020 | 31-03-2021 |
| സുലോചന . | പ്രധാനാധ്യാപകൻ | 01-04-2020 | 30-04-2020 |
| സുന്ദരൻ മാപ്പിടച്ചേരി | പ്രധാനാധ്യാപകൻ | 01-05-2020 | 17-06-2020 |
| ഷംസുദ്ദീൻ.എ.ജി | പ്രധാനാധ്യാപകൻ | 18-06-2020 | 31-03-2021 |
| ഡോ.നീതു.എം | വെറ്റിനറി സർജ്ജൻ | 06-02-2021 | 31-03-2021 |
| ഡോ.സാബു.എം.യു | വെറ്റിനറി സർജ്ജൻ | 01-04-2020 | 05-02-2021 |

| | | | |
|---|---|---|---|
| ഡോ. പ്രവീൺ കുമാർ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 10-07-2020 |
| ഡോ.ധന്യ ദയാനന്ദൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 11-07-2020 | 31-03-2021 |
| ഡോ.സബിത | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.നാദിറ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ (അധിക ചുമതല) | 01-04-2020 | 31-03-2021 |
| വേണുഗോപാലൻ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 09-08-2020 |
| മനോജ് കുമാർ പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-08-2020 | 31-03-2021 |
| അബ്ദുള്ള. കെപി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 30-06-2020 |
| മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-07-2020 | 26-11-2020 |
| അരുൺ സൂരി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 27-11-2020 | 12-01-2021 |
| പോൾ എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 13-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-1 |
| 4 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-2 |
| 5 | തനത് ഫണ്ട് അഡ്വാൻസ്- തിരിച്ച് നല്കാനുള്ള തുകയിൽ വ്യത്യാസം.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-3 |
| 6 | റീക്കൺസിലിയേഷൻ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-4 |
| 7 | ജേണൽ എൻട്രികൾ ആധികാരികമല്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 30-12-2021) | 1-2-5 |
| 8 | ആസ്തികൾ അക്കൗണ്ട് ചെയ്യുന്നതിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-6 |
| 9 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-7 |
| 10 | തൻ വർഷം ലഭിച്ച തുകകൾ വരവ് ചെലവിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-8 |
| 11 | ബാലൻസ് ഷീറ്റിൽ Shedule B-5 ൽ ചേർത്തിട്ടുള്ള ലോൺ വിവരങ്ങൾ കൃത്യമല്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-9 |
| 12 | ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-10 |
| 13 | തൊഴിലുറപ്പ് പദ്ധതി- വരവ്-ചെലവ് കണക്ക് അക്കൗണ്ട് ചെയ്യതിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-2-11 |

| | | |
|---|---|---|
| 14 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-3 |
| 15 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-4 |
| 16 | പദ്ധതി അവലോകനം.<br>Written By: Thomas. K (Asst. Audit Officer, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-6 |
| 18 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Thomas. K (Asst. Audit Officer, On 28-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 26-12-2021)<br>Last Updated By: Hari Venugopalan K V (Auditor, On 26-12-2021) | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-9 |
| 21 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Hari Venugopalan K V (Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-10 |
| 22 | ശമ്പള കുടിശിക - അധികം തുക കൈപറ്റി.<br>Written By: Thomas. K (Asst. Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-11 |
| 23 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടരുന്നു<br>Written By: Hari Venugopalan K V (Auditor, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-12 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Thomas. K (Asst. Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 1-13 |
| 25 | കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 02-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-14 |
| 26 | സാക്ഷരത പ്രേരകിന് ഹോണറേറിയം തനത് ഫണ്ടിൽ നിന്ന് നല്കിയത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Sunilkumar. M (Senior Grade Auditor, On 30-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-15 |
| 27 | മത്സ്യബന്ധന മേഖല- പദ്ധതി ആസൂത്രണം ഫലപ്രദമല്ല.<br>Written By: Vinoth Kumar C (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-16 |
| 28 | ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്റ്റുകളായി നിർവ്വഹണം നടത്തുന്നു.<br>Written By: Vinoth Kumar C (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-17 |

| | | |
|---|---|---|
| 29 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ<br>Written By: Vinoth Kumar C (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-18 |
| 30 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ശമ്പള കുടിശിക - അധികം തുക കൈപറ്റി.<br>Written By: Thomas. K (Asst. Audit Officer, On 31-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-12-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 22-01-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 27-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 14-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 40/20 തിയതി 17.03.2020 | തീരുമാനം ലഭ്യമല്ല # |
| മുന്നിരിപ്പ് | 5,54,363 | (-) 2,78,486 |
| വരവ് | 7,37,32,600 | 7,63,21,771 |
| ആകെ | 7,42,86,963 | 7,60,43,285 |
| ചെലവ് | 7,37,25,500 | 7,50,73,691 |
| നീക്കിയിരിപ്പ് | 5,61,463 | 9,69,594 |

# 2021-22- വർഷത്തെ ബജറ്റ് 23-2-2021 ൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും (ഭരണ സമിതി തീരുമാനം 42/21) ഇതോടൊപ്പം 2020-21 വർഷത്തെ പുതുക്കിയ ബജറ്റ് ഭരണ സമിതി അംഗീകരിച്ചതായി കാണുന്നില്ല. 2021-22 വർഷത്തെ അച്ചടിച്ച ബജറ്റ് പ്രതിയിൽ രേഖപ്പെടുത്തിയ 2020-21 വർഷത്തെ പരിഷ്കരിച്ച ബജറ്റ് വിശദാംശങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വലിയ പറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

#### 1-2-2 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർ.ടി.)നം. 4444/ 2020/ ഫിൻ, തിയതി 03.08.2020) ₹35,250/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ

നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 – Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

1-2-3 തനത് ഫണ്ട് അഡ്വാൻസ്- തിരിച്ച് നല്കാനുള്ള തുകയിൽ വ്യത്യാസം.

31.03.2021 ലെ ബാലൻസ് ഷീറ്റിൽ 460509901-Advance To Others എന്ന ഹെഡിൽ 4,78,065/- രൂപ കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ ലെഡ്ജർ പരിശോധിച്ചപ്പോൾ ഗ്രാമ പഞ്ചായത്തിലെ ടെക് നിക്കൽ അസിസ്റ്റന്റിന് വിവിധ മാസങ്ങളിൽ ശമ്പള ഇനത്തിൽ നല്കിയ (1,76,233/- രൂപ) തുകയുൾപ്പെടെയാണ് അഡ്വാൻസായി കാണിച്ചിട്ടുള്ളത്. ഈ ഇനത്തിലെ ചെലവ് തനത് ഫണ്ട് ചെലവ് തന്നെയാണ് നടത്തേണ്ടിയിരുന്നത്. കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എ. അക്കൗണ്ടിൽ നിന്നും അഡ്വാൻസ് റീ ക്ലൂപ്പ് ചെയ്ത വകയിൽ 6,35,688/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് പകരം 6,85,688/- രൂപയാണ് ധനകാര്യ പത്രികയിൽ വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. 50,000/- രൂപ കൂടുതൽ റീ ക്ലൂപ്പ് ചെയ്തതായി കാണിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ബിൽ രജിസ്റ്റർ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എ. യ്ക്ക് തനത് ഫണ്ടിൽ നിന്ന് അഡ്വാൻസ് നല്കിയ വകയിൽ 4,02,338/- രൂപ 31.03.2021-ൽ പഞ്ചായത്തിന് തിരികെ കിട്ടാനുണ്ട്. എന്നാൽ 460509901-Advance To Others എന്ന ഹെഡിൽ എം.ജി.എൻ.ആർ.ഇ.ജി.എ. 2,69,840/- രൂപ മാത്രമെ റീ-ക്ലൂപ്പ് ചെയ്യാനുള്ളൂ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1,32,498/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.

1-2-4 റീക്കൺസിലിയേഷൻ പത്രികയിലെ അപാകതകൾ

A). കേരള ഗ്രാമീണ ബാങ്കിലെ (തനത്ഫണ്ട് – 450220101) മൂന്ന് മാസത്തിലധികമായി നൽകിയിട്ടുള്ളതും എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. അക്കൗണ്ടിന്റെ 31.03.2021 ലെ റിക്കൺസിലിയേഷൻ പത്രികയിൽ Cheques Deposited But Not Collected എന്ന വകയിൽ 24.9.2020 -ലെ 12,500/- രൂപ, 22.9.2020 ലെ 3,750/- രൂപ, 23.9.2020 -ലെ 5,000/- രൂപ 18.9.2020 -ലെ 2,500/- രൂപയുടെയും ചെക്കുകൾ ചേർത്തിട്ടുണ്ട്. കൂടാതെ Cheques Issued But Not Presented In To Bank എന്ന വകയിൽ 7.7.2020-ലെ 2,719/- രൂപ, 3.7.2020-ലെ 3,492/- രൂപ, 3.6.2020 -ലെ 6,498/- രൂപയുടെയും ചെക്കുകൾ ചേർത്തിട്ടുണ്ട്.

B). കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ (NIRMAL) – (450430101) അക്കൗണ്ടിൽ പാസ്ബുക്ക് പ്രകാരം 19,380/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ റീകൺസിലിയേഷനിൽ പാസ്ബുക്ക് പ്രകാരം 18,668/- രൂപയാണ് കാണിച്ചിട്ടുള്ളത്.

1-2-5 ജേണൽ എൻട്രികൾ ആധികാരികമല്ല.

ജേണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

1-2-6 ആസ്തികൾ അക്കൗണ്ട് ചെയ്യുന്നതിലെ അപാകത

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 9 ഹെഡുകളിലായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ

ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 4,41,608/- രൂപ ആണെങ്കിലും അതിന്റെ ഡിപ്രീസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 13,69,733/- ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ ഹെഡിൽ മാത്രം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്യേണ്ടതും ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രീസിയേഷന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല. കൂടാതെ സ.ഉ. (എം.എസ്.)152/ 2011/ തസ്വഭവ/ 26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-2-7 പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇടയിലക്കാട് വായനശാല റോഡ് ടാറിംഗ് (പ്രോജക്ട് നം.0047/21) പ്രവൃത്തിക്ക് വേണ്ടി 1,37,400/- രൂപയും, ഗ്രാമീൺ ബാങ്ക് മുതൽ ബോട്ട് ജെട്ടി റോഡ് ടാറിംഗ് (പ്രോജക്ട് നം. 0053/21) പ്രവൃത്തിക്ക് വേണ്ടി 2,04,000/- രൂപയും പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്.

1-2-8 തൻ വർഷം ലഭിച്ച തുകകൾ വരവ് ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

തൊഴിൽ രഹിത വേതനമിനത്തിൽ തൻവർഷം ചെലവഴിച്ച 1440/- രൂപയും (ബിൽ നം. 13/ 27.8.2020), നെല്ലുല്പാദന ബോണസ് ഇനത്തിൽ ചെലവഴിച്ച 20000/- രൂപയും (ബിൽ നം. 44/ 27.3.2021) വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

1-2-9 ബാലൻസ് ഷീറ്റിൽ Shedule B-5 ൽ ചേർത്തിട്ടുള്ള ലോൺ വിവരങ്ങൾ കൃത്യമല്ല.

കെ.യു.ആർ.ഡി.എഫ്.സി. ലോൺ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഇ.എം.എസ് ഭവന പദ്ധതിക്കുണ്ടായിരുന്ന ലോൺ 2018-19 സാമ്പത്തിക വർഷം തിരിച്ചടച്ച് ക്ലോസ് ചെയ്തിട്ടുണ്ട്. കെ.യു.ആർ.ഡി.എഫ്.സി. ലോൺ ഹഡ്കോ ലോൺ എന്ന ഇനത്തിലാണ് വരവിലെടുത്തിട്ടുള്ളത്. എന്നാൽ തിരിച്ചടവ് കെ.യു.ആർ.ഡി.എഫ്.സി. ലോൺ ഹെഡിൽ തന്നെ കാണിച്ചു. ഇതിനെ തുടർന്ന് വായ്പാ തിരിച്ചടവിനു വേണ്ടി വികസന ഫണ്ടുകളുടെ ശ്രോതസിൽ നിന്നും കുറവ് വരുത്തിയ 8,48,627/- രൂപ നെഗറ്റീവ് എൻട്രിയായി കാണുന്നു. ഓഡിറ്റ് വർഷം വായ്പാ ഇനത്തിൽ 7,00,000/- രൂപയാണ് വരവുള്ളത്. മുൻ വർഷം ലോൺ ഇനത്തിൽ ബാലൻസുണ്ടായത് 1,04,47,707/- രൂപയാണ്. ആകെ ലോൺ തുക 1,11,47,707 രൂപയും ഇതിൽ നിന്നും തൻവർഷം തിരിച്ചടച്ച 8,48,627/- രൂപ കുറച്ചാൽ 1,02,99,080/- രൂപയാണ് വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക. എന്നാൽ വാർഷിക കണക്കിൽ 31.3.2020 -ലെ ബാലൻസ് ഷീറ്റിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി B5- ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത് 1,11,47,707/- രൂപയാണ്. അപാകത പരിഹരിക്കേണ്ടതാണ്.

1-2-10 ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ.

A). 31.03.2021 -ലെ ബാലൻസ് ഷീറ്റിൽ 350800299- Other Liabilities എന്ന ഹെഡിൽ 4,31.105/- രൂപ, 350800199 – Other Creditors എന്ന ഹെഡിൽ 13,247/- രൂപയുടെയും നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകകൾ തനതു ഫണ്ട് അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഈ തുക എവിടെ നിന്ന് എന്ത് ആവശ്യത്തിന് ലഭിച്ചുവെന്ന വിവരങ്ങൾ കണക്കിൽ പെടുത്തിയിട്ടില്ല.

B). 31.03.2021-ലെ ബാലൻസ് ഷീറ്റിൽ 320700104 – CJVP From Block Panchayat എന്ന ഹെഡിൽ

1,68,384/- രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ തുക 01.04.2012 മുതൽ ക്യാരി ഓവർ ചെയ്തു വരുന്ന തുകയാണ്. ഈ തുക ആരിൽ നിന്ന് എപ്പോൾ എന്ത് ആവശ്യത്തിന് ലഭിച്ചതാണ് എന്ന വിവരം ഇല്ലാത്തതിനാൽ ഇത് നിലവിലുള്ള ബാദ്ധ്യത തന്നെയാണോ എന്ന് വ്യക്തമല്ല.

C). 31.03.2021 ലെ ബാലൻസ് ഷീറ്റിൽ 320800199- Other Grants, Funds &Contributions For Specific Purposes- Capital എന്ന ഹെഡിൽ 1,00,000/- രൂപ ബാദ്ധ്യതയുണ്ട്. ഈ നീക്കിയിരിപ്പ് തുകയിൽ 24.06.2015 ന് 41500031 നമ്പർ വൗച്ചർ മുഖേന അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഇത് എന്ത് ആവശ്യത്തിന് ലഭിച്ചതാണ് എന്ന് നാളിതു വരെ കണ്ടെത്തിയിട്ടില്ല.

D). 31.03.2021-ലെ ബാലൻസ് ഷീറ്റിൽ 350400501- Refunds Payable - Grants & Funds എന്ന ഹെഡിൽ 36,605/- രൂപയും നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-2-11 തൊഴിലുറപ്പ് പദ്ധതി- വരവ്-ചെലവ് കണക്ക് അക്കൗണ്ട് ചെയ്തതിലെ അപാകത

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുക 31.03.2021- ലെ FTO സമ്മറി പ്രകാരം ചുവടെ ചേർക്കുന്നു.

Wages To Unskilled Labourers- 2,21,80,446

Cost Of Materials- 15,79,396

Wages To Semi Skilled And Skilled Labourers- 4,92,487

Total - 2,42,52,329

എന്നാൽ 30.03.2021-ലെ 42000208 നമ്പർ ജേണൽ മുഖേന ഇ.എഫ്.എം.എസ്. തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് 2,53,23,391 രൂപയാണ്. കൂടാതെ എം.ജി.എൻ.ആർ.ജി.എ. അക്കൗണ്ടിൽ നിന്നും അഡ്വാൻസ് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്ത വകയിൽ 6,35,688/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. തനത് ഫണ്ട് അക്കൗണ്ടിൽ 6,35,688/- രൂപ വരവ് വന്നിട്ടുണ്ട്, എന്നാൽ ഈ തുകയ്ക്ക് പകരം 6,85,688/- രൂപയാണ് വൗച്ചർ നം 42000206 പ്രകാരം ജേർണൽ ചെയ്ത് ധനകാര്യ പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. 50,000/- രൂപ കൂടുതൽ ചെലവ് ചെയ്തതായി കാണിച്ചിട്ടുണ്ട്. ഇതുമൂലം 251300801- Total Poverty Alleviation Programs -General എന്ന ഹെഡിൽ 50,000/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---:|
| മുന്നിരിപ്പ് | 57,39,891 |
| വരവ് | 3,37,69,549 |
| ആകെ | 3,95,094,40 |
| ചെലവ് | 3,59,35,494 |
| നീക്കിയിരിപ്പ് | 35,73,946 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

(എ)ഫണ്ട് വിനിയോഗം.(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (20 20-21)

(സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക ഉൾപ്പടെ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 67,79,000 | 67,79,000 | 67,03,556 | 75,444 | 98.9% |
| വികസന ഫണ്ട് എസ്.സി.പി. | 0 | 14,80,000 | 14,80,000 | 9,26,409 | 5,53,591 | 62.6% |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 28,26,000 | 28,26,000 | 28,26,000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 34,85,000 | 34,85,000 | 32,29,767 | 2,55,233 | 92.7% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 0 | 29,80,000 | 29,80,000 | 9,27,659 | 20,52,341 | 31% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | 0 | 64,71,698 | 64,71,698 | 37,90,662 | 26,81,036 | 58.6% |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹1502694/- (ജനറൽ), ₹29333/- (എസ്.സി.പി), ₹35,250/- (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

(ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 52,00,862 | 52,00,862 | 52,00,862 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 8,97,076 | 8,97,076 | 8,97,076 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 28,26,000 | 28,26,000 | 28,26,000 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 31,94,517 | 31,94,517 | 31,94,517 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 9,27,659 | 9,27,659 | 9,27,659 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 37,90,662 | 37,90,662 | 37,90,662 | 0 |
| ബി ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| നെല്ലുല്പാദന ബോണസ് | 0 | 20,000 | 20,000 | 20,000 | 0 |
| വിവാഹ ധന സഹായം | 0 | 1,20,000 | 1,20,000 | 1,20,000 | 0 |
| തൊഴിലുറപ്പ് -100 ദിന ഇൻസെന്റീവ് | 0 | 44,000 | 44,000 | 44,000 | 0 |
| ട്രഷറി അക്കൗണ്ട് | | | | | |
| ട്രഷറി TSB- ജനറൽ പർപ്പസ് | 35,38,700 | 39,71,460 | 75,10,160 | 75,10,160 | 0 |
| ട്രഷറി LGTSB - | 0 | 99,23,666 | 99,23,666 | 87,02,166 | 12,21,500 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 1,68,384 | 6,37,441 | 8,05,825 | 6,37,441 | 1,68,384 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 2,75,000 | 3,50,000 | 6,25,000 | 5,25,000 | 1,00,000 |
| ബാങ്ക് അക്കൗണ്ടുകൾ | | | | | |
| എസ്.ബി.ഐ. ഇ.പേയ്മെന്റ് | 82,589 | 1,33,652 | 2,16,241 | 5 | 2,16,236 |
| കേരള ഗ്രാമീണ ബാങ്ക് തനത് ഫണ്ട്, ലൈഫ് പദ്ധതി , Etc.. | 17,38,457 | 92,81,436 | 1,10,19,893 | 92,84,886 | 17,35,007 |
| കേരള ഗ്രാമീണ ബാങ്ക് പ്ലാൻ | 3,06,959 | 9,783 | 3,16,742 | 0 | 3,16,742 |
| ജില്ലാ സഹകരണ ബാങ്ക് | 18,668 | 0 | 18,668 | 0 | 18,668 |
| സാക്ഷരത | 1,328 | 53 | 1,381 | 0 | 1,381 |
| തൊഴിലുറപ്പ് പദ്ധതി | 19,421 | 9,81,348 | 10,00,769 | 9,71,233 | 29,536 |
| എസ്.എസ്.എ. | 33,769 | 1,077 | 34,846 | 0 | 34,846 |

കുറിപ്പ് :

1) ട്രഷറി ടി.എസ്.ബി.- ജനറൽ പർപ്പസ് അക്കൗണ്ട് ക്ലോസ് ചെയ്ത് ട്രഷറി LGTSB - അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 20.5.2020-ന് ട്രഷറി ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ടിൽ ബാലൻസുണ്ടായിരുന്ന 30,85,820/- രൂപ ട്രഷറി LGTSB അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ (ഗ്യാപ് ഫണ്ട്, റവന്യുകളക്ഷൻ ഇൻസെന്റീവ് ഉൾപ്പടെ) തൻ വർഷത്തെ വരവ് 69,99,980/- രൂപയാണ്. TSB, LGTSB അക്കൗണ്ടുകളിൽ വരവ് വന്ന മറ്റിനങ്ങൾ കൂടി ഉൾപ്പെട്ട തുകയാണ് വരവായി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2)തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 2,21,80,446/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 2,81,45,700/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 3,55,18,835 | 112 | 2,20,75,505 | - | 24 | 82.35 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശത മാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 29 | 7693710 | 27 | 6818800 | 88.63 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 65 | 12596233 | 44 | 6921208 | 54.95 |
| 3 | കൃഷി ഓഫീസർ | 7 | 1703658 | 7 | 1491141 | 87.53 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 7416567 | 12 | 2482213 | 33.47 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 2531400 | 5 | 2154883 | 85.13 |
| 6 | വെറ്റിനറി സർജ്ജൻ | 5 | 617400 | 5 | 262136 | 42.46 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 471500 | 3 | 464333 | 98.48 |
| 8 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 5 | 1089367 | 5 | 969079 | 88.96 |
| 9 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 95000 | 1 | 95000 | 100 |
| 10 | പ്രധാനാധ്യാപകൻ | 2 | 220000 | 2 | 216712 | 98.51 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 200000 | 1 | 200000 | 100 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 884000 | 0 | 0 | 0 |
| | ആകെ | 136 | 35518835 | 112 | 22075505 | 62.15 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 19,421 | 9,81,348 | 10,00,769 | 9,71,233 | 29,536 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,53,23,391 | 2,53,23,391 | 2,53,23,391 | 0 |
| ആകെ | 19,421 | 2,63,04,739 | 2,63,24,160 | 2,62,94,624 | 29,536 |

(കൂടാതെ 2019-20 വർഷം 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 44,000 രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 979 പദ്ധതികളുൾപ്പെടുന്ന 8.99 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 290 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 74,913 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 85 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1440 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 55,47,700 | 356 |
| വിധവാ പെൻഷൻ | 1,15,65,100 | 747 |
| വാർദ്ധക്യകാല പെൻഷൻ | 74,38,900 | 564 |
| വികലാംഗ പെൻഷൻ | 31,50,400 | 202 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായ മുള്ള വനിതകൾക്കുള്ള പെൻഷൻ | 4,43,600 | 28 |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 30/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | ഹെഡ് ക്ലാർക്ക് | 1 |
| 3 | അക്കൗണ്ടന്റ് | 1 |
| 4 | സീനിയർ ക്ലാർക്ക് | 2 |
| 5 | ക്ലാർക്ക് | 3 |
| 6 | ഓഫീസ് അറ്റൻഡന്റ് | 1 |
| 7 | പാർട് ടൈം സ്വീപ്പർ | 1 |

26.06.2018 ലെ ഉത്തരവ് നം 8/2018പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ്വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. 1/2021, 2/2021 എന്നീ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ യഥാക്രമം 12.02.2021, 15.03.2021 എന്നീ തീയതികളിലാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. 9/2020 ലെ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021

സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയ ബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടില്ല. കൂടാതെ തൊഴിൽ രഹിത വേതനമിനത്തിൽ തൻവർഷം ചെലവഴിച്ച 1440/-രൂപയും, നെല്ലുല്പാദന ബോണസ് ഇനത്തിൽ ചെലവഴിച്ച 20,000/-രൂപയും വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടില്ല. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിങ്ങ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/ വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൌണ്ടിന്റെ ബാക്ക് അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. ആയതു് പഞ്ചായത്തിന്റെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി. രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലെഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.

വലിയപറമ്പ ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-2021 വർഷത്തിൽ ഒരു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.ശ്രീകല പി.യുടെ ശമ്പളം 01.07.2014ന് ജി.ഒ (പി) നം 7/2016/ Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോണ് ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. എൻ.പി.എസ്. പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോണ് ട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. കൂടാതെ ലോൺ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ , തുടങ്ങിയവയും എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 26.06.2018 ലെ ഉത്തരവ് നം 8/2018പ്രകാരമുള്ള ജീവനക്കാരുടെ ജോലി വിഭജനത്തിൽ ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും പത്താം തീയതിക്കകം ഹെഡ് ക്ലാർക്കിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശ്ക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയ ബന്ധിതമായി തീർപ്പു കൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

24.02.2015 ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർ ടൈക്കിംഗ്) അടിസ്ഥാനത്തിൽ, എന്നിവയുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവക്ക് 30/- രൂപ മുതൽ 60/- രൂപ വരെയുള്ള നികുതിയും വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് 3/- രൂപ മുതൽ 8/- രൂപ വരെയുള്ള നികുതിയുമാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമ പഞ്ചായത്തിൽ പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങളുടെ ഗണങ്ങളുള്ള പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 5/ 2020-21 / 29.12.2021- ന് ലഭ്യമാക്കിയ മറുപടി നല്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ യഥാസമയം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മേൽ പരാമർശിച്ച പ്രകാരമുള്ളതും സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്തരം കെട്ടിടങ്ങളുണ്ടോ എന്നത് പരിശോധിക്കേണ്ടതും നികുതി ചുമത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-11 ശമ്പള കുടിശിക - അധികം തുക കൈപറ്റി.

പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 ലെ ഇ5-38675/2017 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ.എം.വി. ബർനാഡിന് സീനിയർ ക്ലാർക്ക് തസ്തികയിലെ പ്രമോഷൻ തീയതി പുനക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 15.11.2014 മുതൽ 31.08.2018 വരെയുള്ള കാലയളവിലെ ശമ്പള കുടിശിക അനുവദിച്ചതിൽ 3,285/- രൂപ അധികം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

1-12 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടരുന്നു

ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ചുവടെ ചേർത്ത പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|

| | | | | | മാസം | അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | നാരായണൻ ടി കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 515293902387 | 112150200338 | 16.04.2021 | മെയ് 2021 | 1,600/- |
| | | | | | ജൂൺ 2021 | 1,600/- |
| | | | | | ജൂലൈ 2021 | 1,600/- |
| | | | | | ഓഗസ്റ്റ് 2021 | 1,600/- |
| | | | | | സെപ്റ്റംബർ 2021 | 1,600/- |
| | | | | | ഒക്ടോബർ 2021 | 1,600/- |
| | | | | | നവംബർ 2021 | 1,600/- |
| | | | | | ഡിസംബർ 2021 | 1,600/- |
| 2 | ലരീബ കെ കെ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 583612220607 | 112150600451 | 19.05.2021 | ജൂൺ 2021 | 1,600/- |
| | | | | | ജൂലൈ 2021 | 1,600/- |
| | | | | | ഓഗസ്റ്റ് 2021 | 1,600/- |
| | | | | | സെപ്റ്റംബർ 2021 | 1,600/- |
| | | | | | ഒക്ടോബർ 2021 | 1,600/- |
| | | | | | നവംബർ 2021 | 1,600/- |
| | | | | | ഡിസംബർ 2021 | 1,600/- |
| 3 | ദാമോദരൻ പി പി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 937954263837 | 112150200312 | 21.06.2021 | ജൂലൈ 2021 | 1,600/- |
| | | | | | ഓഗസ്റ്റ് 2021 | 1,600/- |
| | | | | | സെപ്റ്റംബർ 2021 | 1,600/- |
| | ആകെ | | | | | 28,800/- |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ 69/18 നമ്പർ സർക്കുലറിൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാ വർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. ആയതിനാൽ അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.09/30.12.2021)

1-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ചുവടെ ചേർത്ത പദ്ധതികൾക്കായി കെ.എസ്.ഇ.ബി., കാസറോഡ് ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് 3,77,310/- രൂപ കൈമാറിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | നൽകിയ തുക |
|---|---|---|---|
| സെക്രട്ടറി | പ്രൊ.നം. 0112/21 തൃക്കരിപ്പൂർ കടപ്പുറം ഭജനമഠം മുതൽ തെക്കോട്ട് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | ബിൽ.നം. 00130376/ തിയതി 11/04/2020 | ₹3,29,810/- വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ വിഹിതം) KSEB തൃക്കരിപ്പൂർ സെക്ഷന് നൽകിയത് |
| സെക്രട്ടറി | എ.ബി.സി. പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതം പ്രൊ.നം. 0101/21 | ബിൽ നം. 01437108/ തിയതി 30-03-2021 | ₹47,500 (കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത്) |

പദ്ധതി പൂർത്തീകരിച്ചതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പട്ടികയിൽ പരാമർശിക്കുന്ന 3,77,310/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം2/20-21 തിയതി.28-12-2021)

1-14 കാർഷിക മേഖലയിലെ പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ

2020-21 വർഷത്തിൽ കാർഷിക മേഖലയിൽ ഏഴ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ സുഭിക്ഷ കേരളം - നിലക്കടല വിത്ത് വിതരണം, ഫലവർഗ്ഗ വിളകളുടെ തൈ വിതരണം, നെൽ വിത്ത് വിതരണം, നെൽകൃഷി കൂലിചെലവ് വിതരണം തുടങ്ങിയ വിവിധങ്ങളായ പദ്ധതികളിലൂടെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) സ.ഉ. (സാ ധാ) നം. 1009/2020/ത.സ്വ.ഭ.വ/29.05.20 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഭേദഗതി ഖ. 2.5.5അനുസരിച്ച് വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന

ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. എന്നാൽ പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ വിള ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കലും നടന്നതിന്റെ വിവരം ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്റ്റുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതാണ്. സ.ഉ. (കൈ)നം. 11/2018/ തസ്വഭവ/ 29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സാക്ഷരത പ്രേരകിന് ഹോണറേറിയം തനത് ഫണ്ടിൽ നിന്ന് നല്കിയത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ജി.ഒ. (സാധാ) 626/21/എൽഎസ്ജിഡി തിയ്യതി 26.2.2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020 ഡിസംബർ, 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ഹോണറേറിയം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനു ഉത്തരവായിട്ടുണ്ട്. തുക പിന്നീട് റീഇമ്പേഴ്സ് ചെയ്ത് തരുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചർ നമ്പർ 22001060/ 30.3.2021 പ്രകാരം 15,480/- രൂപയും വൗച്ചർ നമ്പർ 220010612/ 31.3.2021 പ്രകാരം 16,512/- രൂപയും 2020 ഡിസംബർ, 2021 ജനുവരി മാസങ്ങളിലെ ഹോണറേറിയം ഇനത്തിൽ ഗ്രാമ പഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രം സാക്ഷരതാ പ്രേരകിനു നൽകിയിട്ടുണ്ട്. ആയത് റീഇമ്പേഴ്സ് ചെയ്ത് ലഭ്യമായിട്ടില്ല. റീ ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനു തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം - 7 തീയ്യതി 29-12-2021.)

## 1-16 മത്സ്യബന്ധന മേഖല- പദ്ധതി ആസൂത്രണം ഫലപ്രദമല്ല.

ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളും കായൽ /കടൽ എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്നവയാണ്. ഈ പ്രദേശങ്ങളിൽ ഏകദേശം അഞ്ഞൂറോളം മത്സ്യ തൊഴിലാളി കുടുംബങ്ങളുണ്ട്. 2020-2021 സാമ്പത്തിക വർഷത്തിൽ മത്സ്യ ബന്ധന മേഖലയിൽ ഗ്രാമ പഞ്ചായത്ത് 8.84 ലക്ഷം രൂപ അടങ്കലുള്ള "മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വള്ളവും വലയും" എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും ആ വർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. 2019-2020 സാമ്പത്തിക വർഷത്തിലും "മത്സ്യ തൊഴിലാളികൾക്ക് മത്സ്യബന്ധന വള്ളവും വലയും" എന്ന പദ്ധതിയ്ക്കായി 1.97ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയില്ല. 2018-2019 സാമ്പത്തിക വർഷത്തിലും മത്സ്യ ബന്ധന മേഖലയിൽ ഗ്രാമ പഞ്ചായത്ത് പദ്ധതികളൊന്നും നടപ്പാക്കിയില്ല.

മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് കാര്യമായ പദ്ധതികളൊന്നും ഏറ്റെടുത്തു നടപ്പാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166 (1)-ാം വകുപ്പ് പ്രകാരം മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക, മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പാക്കുക, മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ നൽകുക, മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക തുടങ്ങിയവയെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. സാമൂഹികമായും

സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യ തൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മത്സ്യ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആവാസ വ്യവസ്ഥ, തൊഴിൽ സാഹചര്യം, വിദ്യാഭ്യാസം എന്നിവ സാധ്യമാക്കി ആ വിഭാഗത്തിന്റെ സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക എന്നത് പഞ്ചായത്തിന്റെ വികസന സമീപനമായിരിക്കണം. ആയതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, ജനപ്രധിനിധികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

1-17 ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നു.

2020-2021 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചില റോഡ് പ്രവൃത്തികൾ രണ്ട് വ്യത്യസ്ഥ പ്രൊജക്ടുകളായാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ വ്യത്യസ്ഥ പ്രൊജക്ടുകളിലായി നിർവ്വഹണം ചെയ്ത പ്രവൃത്തികളുടെ വിവരം ചുവടെ പരാമർശിക്കുന്നു.

1. സി.എച്ച്. ബീച്ച് റോഡിൽനിന്നും തെക്കോട്ട് റോഡ് ടാറിംഗ് പ്രവൃത്തിയുടെ 96 മീറ്റർ ചെയ്തത് പ്രൊജക്ട് നം. 0116/21 പ്രകാരവും ശേഷിക്കുന്ന 90 മീറ്റർ ചെയ്തത് മറ്റൊരു പ്രൊജക്ട് (നം. 0060/21) പ്രകാരവുമാണ്.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | സി.എച്ച്. ബീച്ച് റോഡിൽനിന്നും തെക്കോട്ട് റോഡ് ടാറിംഗ് ( പ്രൊജക്ട് നമ്പർ. 0116/21) | സി.എച്ച്. ബീച്ച് റോഡിൽനിന്നും തെക്കോട്ട് റോഡ് ടാറിംഗ് ( പ്രൊജക്ട് നമ്പർ. 0060/21) |
| അടങ്കൽ, ഫണ്ട്. | 2.25 ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് ) | 2.25 ലക്ഷം രൂപ (വികസന ഫണ്ട്-പൊതു വിഭാഗം) |
| എസ്റ്റിമേറ്റ്. | 2.25 ലക്ഷം, EST NO: 2019/60808 | 2.25 ലക്ഷം, EST NO: 2020/62532 |
| ചെയിനേജ് | 0/090km മുതൽ 0/186km വരെ | 1/186km മുതൽ 1/276km വരെ |
| കരാറുകാരന്റെ പേര് | പി.ഗോവിന്ദൻ | ബാബു.കെ |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക | ₹ 2,24,149/- (BRN No 20200352006300130855/ 06.05.2020) | ₹ 2,24,573/- (BRN No 202003520006301271759/ 17.03.2021) |

2. വലിയപറമ്പ ശ്മശാനം ബീച്ച് റോഡ് ടാറിംഗ് പ്രവൃത്തിയുടെ 176 മീറ്റർ ചെയ്തത് പ്രൊജക്ട് നം 0132/21 പ്രകാരവും ശേഷിക്കുന്ന 85 മീറ്റർ ചെയ്തത് മറ്റൊരു പ്രൊജക്ട് (നം.0065/21) പ്രകാരവുമാണ്.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | വലിയ പറമ്പ ശ്മശാനം ബീച്ച് റോഡ് ടാറിംഗ് ( പ്രൊജക്ട് നമ്പർ. 0132/21) | വലിയ പറമ്പ ശ്മശാനം ബീച്ച് റോഡ് ടാറിംഗ് ( പ്രൊജക്ട് നമ്പർ. 0065/21) |
| അടങ്കൽ, ഫണ്ട്. | 4.25 ലക്ഷം രൂപ (2.22 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ അവാർഡ് + 2.03 മെയിന്റനൻസ് ഫണ്ട് -റോഡ്) | 2.25 ലക്ഷം രൂപ (91250/- രൂപ വികസന ഫണ്ട് -പൊതു വിഭാഗം + 133750/- ധനകാര്യ കമ്മീഷൻ അവാർഡ് ) |
| എസ്റ്റിമേറ്റ്. | 4.25ലക്ഷം, EST NO: 2019/60802 | 2.22ലക്ഷം, EST NO: |

| | | |
|---|---|---|
| | | 2020/60880 |
| ചെയിനേജ് | 0/250km മുതൽ 0/426km വരെ | 0/426km മുതൽ 0/511km വരെ |
| കരാറുകാരന്റെ പേര് | ജി.എസ്.ജഹാംഗീർ | ജനാർദ്ദനൻ. പി.വി. |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 7.7% കുറവ് | എസ്റ്റിമേറ്റ് നിരക്ക് |
| പ്രവൃത്തിക്കായി ചെലവഴിച്ച തുക | ₹ 392211/- (₹ 203000/- BRN No 6300214608/29.05.2020, ₹ 131004/- BRN No6300214753/ 29.05.2020, ₹58207/- BRN No 300368268/ 24.07.2020 ) | ₹ 221016/- (₹ 129766/- BRN No 6301315769/ 22.03.2021, ₹ 91250/- BRN No 6301315755/ 22.03.2021,) |

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളെല്ലാം സാധാരണ ടെണ്ടർ (പോസ്റ്റൽ ടെണ്ടർ) മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. സാധാരണ ടെണ്ടർ മുഖേന നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളിലും മത്സരാധിഷ്ഠിത ടെണ്ടർ നടന്നിട്ടില്ല (എല്ലാ പ്രവൃത്തികളുടെയും ടെണ്ടറിൽ 2 വീതം കരാറുകർ മാത്രമാണ് പങ്കെടുക്കുന്നത്). സാധാരണ ടെണ്ടർ മുഖേന നടപ്പാക്കിയ മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. മേൽ പരാമർശിച്ച റോഡ് ടാറിംഗ് പ്രവൃത്തിയുടെ രണ്ട് പദ്ധതികളും സംയോജിപ്പിച്ച് ഒറ്റ പ്രവൃത്തിയായി നടപ്പാക്കിയിരുന്നെങ്കിൽ പദ്ധതി ഇ -ടെണ്ടർ ചെയ്യാവുന്നതും അതുവഴി ഗ്രാമ പഞ്ചായത്തിന് ഒരു തുക മിച്ചം പിടിക്കാൻ സാധിക്കുമായിരുന്നു.

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കു വേണ്ട നടപടി ക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമ പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതു മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

## 1-18 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ നിർമാണ സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അപാകതകൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 2020-2021 വർഷത്തിൽ ചില റോഡ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ ആവശ്യമായ മെറ്റൽ, പൂഴി, സിമന്റ്, മറ്റു സാമഗ്രികൾ എന്നിവ ടെണ്ടർ മുഖേന വാങ്ങുകയും തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഉപയോഗപ്പെടുത്തിയുമാണ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ച് കണ്ടെത്തിയ ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ആവശ്യമാണ്.

1. തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് സർക്കാർ നിർദേശിച്ച മാർഗരേഖകൾ പാലിക്കാതെ സമാഹരണം നടത്തുന്നു.

തൊഴിലുറപ്പ് പദ്ധതികൾക്കായി സാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ.(എം.എസ്.) 93/2012/

എൽ.എസ്.ജി.ഡി., തിയതി 31.03.2012 പ്രകാരം സർക്കാർ വിശദമായ മാർഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗരേഖ പ്രകാരം രൂപീകരിക്കേണ്ടിയിരുന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അർദ്ധ വർഷാടിസ്ഥാനത്തിലോ മാസാടിസ്ഥാനത്തിലോ പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കും വെവ്വേറെ ടെണ്ടർ വിളിച്ച് പ്രൊക്യൂർമെന്റ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതു കൂടാതെ സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് ഉത്തരവിൽ ഉള്ള പൊതു നിബന്ധനകളും സാധന സാമഗ്രികളുടെ ഏറ്റുവാങ്ങൽ, വിതരണം, സംഭരണം, മിച്ചം വരുന്ന സാധനങ്ങളുടെ പരിപാലനം എന്നിവ സംബന്ധിച്ച ഉത്തരവിലെ നിബന്ധനകളും പാലിച്ചിട്ടില്ല. ഉത്തരവിലെ അനുബന്ധങ്ങളിലുള്ള മാതൃകയിൽ സാമഗ്രികളുടെ ഇന്റന്റ്, സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റു രേഖകൾ എന്നിവയും തയ്യാറാക്കി ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

2. സാധന സാമഗ്രികളുടെ ബില്ലുകൾ ഫയലിൽ ഇല്ല, സ്റ്റോക്ക് മെഷർമെന്റുകൾ രേഖപ്പെടുത്തുന്നില്ല .

മിക്ക പ്രവൃത്തികളിലും വലിയ അളവിൽ മെറ്റൽ, പൂഴി, സിമന്റ് എന്നിവ ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ / ഇൻവോയ്സുകൾ ഫയലുകളിൽ ഇല്ല. പ്രവൃത്തികൾക്കായി സംഭരിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ. സാധനങ്ങൾ കൈപ്പറ്റുന്ന മെയ്റ്റുമാരുടെ കൈപ്പറ്റ് രശീതുകൾ സാമഗ്രികളുടെ ബില്ലുകൾ എന്നിവയുടെ അഭാവം സാധനങ്ങളും സാമഗ്രികളും കൃത്യമായ അളവിൽ സംഭരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. വലിയ തുകകൾ സാമഗ്രികളുടെ വിലയായി കരാറുകാരുടെ അക്കൌണ്ടുകളിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഈ സാമഗ്രികളുടെ ബില്ലുകൾ വാങ്ങാതിരിക്കുന്നത് ശരിയായ നടപടിയല്ല. സംഭരിച്ച സാധനങ്ങളുടെ സ്റ്റോക്ക് മെഷർമെന്റുകൾ അളവു പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

1-19 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും നികുതികൾ ഈടാക്കിയിട്ടില്ല.

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. കോവിഡ് 19 ന്റെ സാഹചര്യത്തിൽ 14.05.2020 മുതൽ 31.03.2021 വരെ ഈ നിരക്കിൽ 0.25% കുറവ് അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ 0.75% നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെ സാമഗ്രികളുടെ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|
| 1 | പന്ത്രണ്ടിൽ തീരദേശ റോഡിൽ നിന്നും എ.കെ മുഹമ്മദ്കുഞ്ഞി വീട് വരെ റോഡ് നിർമാണം | FTO 262907 തീ27.08.2020 | 1,49,373/- | കുഞ്ഞികൃഷ്ണൻ കെ. | 1,120/- |
| 2 | ഇസത്തുൽ ഇസ്ലാം മദ്രസ്സ മുതൽ പടിഞ്ഞാറോട്ട് റോഡ് പൂർത്തീകരണം | FTO 262926 തീ27.08.2020 | 2,35,878/- | കുഞ്ഞികൃഷ്ണൻ കെ. | 1,769/- |

| | | | | | |
|---|---|---|---|---|---|
| 3 | ഒരിയര അങ്കണവാടി റോഡിൽ നിന്നും ഹിറമ മസ്ജിദിലേക്ക് റോഡ് നിർമാണം | FTO 276231 തീ 9.09.2020 | 1,52,265/- | പി.എം. പദ്മനാഭൻ | 1142/- |
| 4 | വലിയപറമ്പ ശ്മശാനം റോഡ് നിർമാണം | FTO 520954 തീ 9.12.2020 | 1,02,695/- | പി.എം. പദ്മനാഭൻ | 770/- |
| 5 | വടക്ക് തീരദേശ റോഡ് സോളിംഗ് | FTO 520956 തീ 9.12.2020 | 1,51,337/- | മനവളപ്പിൽ കുഞ്ഞികൃഷ്ണൻ. | 1,135/- |
| 6 | സി.എച്ച്.ബീച്ച് റോഡിൽ നിന്നും തെക്കോട്ട് പി.കുഞ്ഞാമിന വീട് വരെ റോഡ് നിർമാണം. | FTO 846400 തീ 10.03.2021 | 1,72,068/- | പി.ഗോവിന്ദൻ | 1,291/- |
| 7 | എ.കെ.ജി. ജംഗ്ഷൻ പടിഞ്ഞാറ് തീരദേശ റോഡ് നിർമാണം. | FTO 891534 തീ 20.03.2021 | 1,49,386/- | മനവളപ്പിൽ കുഞ്ഞികൃഷ്ണൻ. | 1,120/- |
| | | | | ആകെ | 8,347/- |

സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം- 3 തീയതി 29.12.2021 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ നിലവിൽ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള എം.ഐ.എസ്. സോഫ്റ്റ് വെയറിൽ സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കുന്നതിനുള്ള സംവിധാനം ലഭ്യമല്ലെന്നും ആയതിനുള്ള ക്രമീകരണങ്ങൾ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നമുറക്ക് റിക്കവറികൾ ഈടാക്കുന്നതാണ് എന്ന് വിശദീകരിക്കുകയുണ്ടായി. സ്രോതസ്സിൽ നിന്നും കുറവ് വരുത്തേണ്ട നികുതികൾ ഈടാക്കാത്തതിന് സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിന് ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ശമ്പള കുടിശിക - അധികം തുക കൈപറ്റി.

പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 ലെ ഇ5-38675/2017 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ.എം.വി. ബർണാഡിന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ പ്രമോഷൻ തീയതി പുനക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 15.11.2014 മുതൽ 31.08.2018 വരെയുള്ള കാലയളവിലെ ശമ്പള കുടിശിക അനുവദിച്ചതിൽ 3,285/- രൂപ അധികം നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ

ചേർക്കുന്നു.

| സീനിയർ ക്ലാർക്ക് തസ്തികയിലെ പ്രമോഷൻ തീയതി പുനക്രമീകരിച്ചതിന്റെയടിസ്ഥാനത്തിൽ 15.11.2014 മുതലുള്ള ശമ്പള വിവരം. | | |
|---|---|---|
| തീയതി | ശമ്പളം | സേവന പുസ്തകത്തിലെ പേജ് നമ്പർ |
| 15.11.2014 | ₹ 26,500/- | പേജ് നം. 58 |
| 01.02.2015 | ₹ 27,150/- | പേജ് നം. 58 |
| 01.02.2016 | ₹ 27,800/- | പേജ് നം. 58 |
| 01.02.2017 | ₹ 28,500/- | പേജ് നം. 62 |
| 01.02.2018 | ₹ 29,200/- | പേജ് നം. 62 |

| സീനിയർ ക്ലാർക്ക് തസ്തികയിലെ പ്രമോഷൻ തീയതി പുനക്രമീകരിക്കുന്നതിന് മുൻപ് 15.11.2014 മുതലുള്ള ശമ്പള വിവരം. | | |
|---|---|---|
| തീയതി | ശമ്പളം | സേവന പുസ്തകത്തിലെ പേജ് നമ്പർ |
| 15.11.2014 | ₹ 25,200/- | പേജ് നം. 46 |
| 01.11.2015 | ₹ 25,850/- | പേജ് നം. 48 |
| 01.11.2016 | ₹ 26,500/- | പേജ് നം. 48 |
| 01.11.2017 | ₹ 27,150/- | പേജ് നം. 50 |

വൗച്ചർ നം. 22000406/ 28.11.2020 പ്രകാരം 85,136/- രൂപ ശമ്പള കുടിശികയായി അനുവദിച്ചതിന്റെ ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് (Pay Due-Drawn Statement) പരിശോധിച്ചതിൽനിന്നും 11/2015, 11/2016, 11/2017 എന്നീ മാസങ്ങളിൽ പ്രമോഷൻ തീയതി പുനക്രമീകരിക്കുന്നതിന് മുൻപുള്ള ശമ്പളമായി കണക്കാക്കിയത് (Pay Drawn) യഥാക്രമം 24,360/- രൂപ, 25800/- രൂപ, 26,500/- രൂപ എന്നിങ്ങനെയാണ്. ഈ മാസങ്ങളിൽ യഥാർത്ഥത്തിൽ കൈപറ്റിയ തുക 25800/- രൂപ, 26,500/- രൂപ, 27,150/- രൂപ, 25800/- രൂപ , 26,500/- രൂപ എന്നിങ്ങനെയാണ്.

| മാസം | | ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് വാങ്ങിയ കുടിശിക ശമ്പളത്തിന്റെ വിവരം | | |
|---|---|---|---|---|
| | | Pay Due | Pay Drawn | Balance |
| 11/2015 | Pay | 27150 | 24360 | 2957 |
| | DA | 1629 | 1462 | |
| | HRA | 0 | 0 | |
| | Total | 28779 | 25822 | |
| 11/2016 | Pay | 27800 | 25850 | 2376 |
| | DA | 2502 | 2327 | |
| | HRA | 1250 | 1000 | |
| | Total | 31552 | 29177 | |

| | | | | |
|---|---|---|---|---|
| 11/2017 | Pay | 28500 | 26500 | 2550 |
| | DA | 4275 | 3975 | |
| | HRA | 1500 | 1250 | |
| | Total | 34275 | 31725 | |
| | | | ആകെ കുടിശിക | 7883 |

ജീവനക്കാരന് യഥാർത്ഥത്തിൽ ശമ്പള കുടിശികയായി അനുവദിക്കേണ്ട തുകയുടെ വിവരം.

| മാസം | | Pay Due | Pay Drawn | Balance |
|---|---|---|---|---|
| 11/2015 | Pay | 27150 | 25850 | 1378 |
| | DA | 1629 | 1551 | |
| | HRA | 0 | 0 | |
| | Total | 28,779 | 27401 | |
| 11/2016 | Pay | 27800 | 26500 | 1667 |
| | DA | 2502 | 2385 | |
| | HRA | 1250 | 1000 | |
| | Total | 31552 | 29885 | |
| 11/2017 | Pay | 28500 | 27150 | 1553 |
| | DA | 4275 | 4073 | |
| | HRA | 1500 | 1500 | |
| | Total | 34275 | 32723 | |
| | | | ആകെ കുടിശിക | 4598 |

ശ്രീ.എം.വി. ബർണാഡ്, സീനിയർ ക്ലാർക്കിന് മേൽ പരാമർശിച്ച മാസങ്ങളിൽ ശമ്പള കുടിശികയിനത്തിൽ അധികമായി അനുവദിച്ചതിൽ 3,285/- രൂപ ( ₹ 7883 - ₹ 4598) തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6 തിയതി 29.12.2021).

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 22-12-2021 & 23-12-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി (0081/21) | 1,00,000 | 0 |
| | 2020-21 | 46,807 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി (0006/21) | 46,807 | 0 |
| | 2020-21 | 50,000 | സാന്ത്വന പരിചരണം (0025/21) | 50,000 | 0 |
| | 2020-21 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർ ഷിപ്പ്, ബത്ത ( 0022/21) | 1,50,000 | 0 |
| | 2020-21 | 2,30,634 | ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം – പൂർത്തീ കരണം (0139/21(SO) | 2,30,634 | 0 |
| | 2020-21 | 60,000 | ലൈഫ്ഭവന പദ്ധതി ഫേസ് 2 ഗുണഭോക്താ ക്കൾക്ക് ബാക്കി തുക നൽകൽ (0031/21) | 60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1,00,000 | സാന്ത്വന പരിചരണം (0025/21) | 1,00,000 | 0 |
| | 2020-21 | 1,00,000 | അഗതി ആശ്രയ ഗുണ ഭോക്താക്കളുടെ വീടിന്റെ മേൽക്കൂര മാറ്റൽ (0021/21) | 1,00,000 | 0 |
| | 2020-21 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർ ഷിപ്പ്, ബത്ത (0022/21) | 1,50,000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. തൃക്കരിപ്പൂർ ഡിവിഷൻ | 0113/21 തയ്യിൽ നോർത്ത് സ്കൂൾ മുതൽ ബൈവീക്കിലി സെന്റർ വരെ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 0323863/ 11-04-2020 | 3,14,010 | 3,14,010 | - |

| | | | | | |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. തൃക്കരിപ്പൂർ ഡിവിഷൻ | 0112/21 തൃക്കരിപ്പൂർ കടപ്പുറം ഭജനമഠം മുതൽ തെക്കോട്ട് സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 0130376/ 11-04-2020 | 3,29,810 | - | 3,29,810 |
| കെ.എസ്. ഇ.ബി. തൃക്കരിപ്പൂർ ഡിവിഷൻ | 0152/21 ഇടയിലക്കാട് എ.കെ.ജി ജംഗ്ഷൻ മുതൽ തെക്കോട്ട് സ്ട്രീറ്റ് ലൈൻ വലിക്കൽ | 01205267/ 08-03-2021 | 1,24,844 | 1,24,844 | 0 |
| കേരള ജല അതോറിറ്റി | 0150/21 ജലജീവൻ മിഷൻ- കുടിവെള്ള കണക്ഷൻ | 0717111/ 10-11-2020 | 69,000 | 69,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി 18/05/2018, GO (MS) 100/18 തീയതി 30/07/18, GO (MS) 110/18 തീയതി 13/08/2018 | 1,19,12,413 | 1,04,47,707 + 7,00,000 (തൻവർഷ വരവ് )= 1,11,47,707 | 8,48,627 | 0 | 1,02,99,080 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 16 | 2005-06 | 2.95 | KSEB, KWA എന്നിവയിൽ തുക നിക്ഷേപിച്ചത് | കെ.എസ്.ഇ.ബി.വിനി യോഗ സാക്ഷ്യപത്രം ലഭ്യമാക്കി. KWA തിരികെ ഒടുക്കിയ തുക സഞ്ചിത നിധിയിൽ ഒടുക്കുവാൻ നർദ്ദേശി ച്ചിട്ടുണ്ട്. ഇക്കാര്യം ഡയറക്ടറേറ്റിലേയ്ക്ക് അറിയിച്ചിട്ടുണ്ട് (No. Ksa / Ksd.11/ 1124/17 Dt. 20.11.2017) (LFAC 2016-19- പരിഗണ നയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1998-99 | 11 | 2005-06 | 2.95.2 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. | തൃക്കരിപ്പൂർ കടപ്പുറം - രാമന്തളി മരപ്പാലം നിർമ്മാണ പ്രവൃത്തി കൺവീനർക്ക് മുൻകൂർ നല്കിയത് സംബന്ധിച്ച പരാമർശം പ്രകാരമുള്ള തടസ്സവാദം ഒഴിവാക്കി ത്തരണമെന്നും ഭരണ സമിതിയുടെ 16-11-17 ലെ 3(2) നമ്പർ തീരുമാനം പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. (ഗ്രാമ പഞ്ചാ യത്ത് സെക്രട്ടറി യുടെ 18.11.2017ലെ എ 2245/ 17 നമ്പർ കത്ത്). തുടർന്ന് ഇതു സംബന്ധിച്ച എഞ്ചി നിയറുടെ സാക്ഷ്യ പത്രവും ലഭ്യമാക്കി . ഇക്കാര്യം ഡയറക്ട റേറ്റി ലേയ്ക്ക് അറിയി ച്ചിട്ടുണ്ട് (No. Ksa/ Ksd.11/ 952/18 Dt. 03.09.2018) (LFAC 2016-19-പരിഗണ നയിൽ (21-11-2017 ന് സിറ്റിങ്ങ് നടത്തി) |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം 4 | തൊഴിൽ നികുതി പരാമർശങ്ങൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |
| 2015-16 | 2-5 | 2016-17 | അധ്യായം.2 | തൊഴിൽ നികുതി | മറുപടി ലഭ്യമാക്കിയില്ല |

| | | | | | |
|---|---|---|---|---|---|
| | | | അനുബന്ധം 5 | പരാമർശങ്ങൾ | പരാമർശം തുടരുന്നു |
| ഭ്രമിശാസ്ത്ര പരമായും പാരിസ്ഥിതികമായുള്ള വിഭിന്ന സാഹചര്യങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ അവലോകനം -2017-18 | - | 2017-18 | അധ്യായം 6 പേജ് 441 & 442 | ഭ്രമിശാസ്ത്ര പരമായും പാരിസ്ഥിതികമായും ആയുള്ള വിഭിന്ന സാഹചര്യ ങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ | മറുപടി ലഭ്യമാക്കിയില്ല പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,37,69,549 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,59,35,494 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 3,285/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,77,310/- |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ഇല്ല | ₹ 3,285/- | വിനോദ് കുമാർ.കെ , സെക്രട്ടറി . |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | ₹ 3,29,810/- | റാഷിദ് കെ.ടി., സെക്രട്ടറി |
| | ₹ 47,500/- | വിനോദ് കുമാർ കെ., സെക്രട്ടറി |

| | | |
|---|---|---|
| ആകെ | ₹3,77,310/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1-19 | ആദായ നികുതി | ₹8,347/- | വിനോദ് കുമാർ.കെ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനോദ്കുമാർ.കെ സെക്രട്ടറി . | സെക്രട്ടറി , ചെറുപുഴ ഗ്രാമ പഞ്ചായത്ത്. | കപ്പള്ളി ഹൗസ്, കുവേരി (പി.ഒ.) ചപ്പാരപ്പടവ് (വഴി), കണ്ണൂർ ജില്ല – പിൻ-670581. |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 To 1990-91 | നം.KSA/KS/291/2019(1) തിയ്യതി. 30.05.2019 | 2 |
| 1991-92 To 1995-96 | നം.KSA/KSD9/291/2019 (2) തിയ്യതി .30.05.2019 | 1 |
| 1996-97 (Final) | നം.KSA/KSD9/291/2019(3) തിയ്യതി 30.05.2019 | 4 |
| 1997-98 Plan | നം.KSA/KSD9/291/2019(4) തിയ്യതി.30.05.2019 | 2 |
| 1998-99 Plan | നം.LF/KSD. 4/819 /03 / തിയ്യതി 10.05.05 | 7 |
| 1996-97 | നം.LF/KSD.4 /611 /05 / തിയ്യതി 19.02.07 | 3 |
| 1997-98 | നം.LF/KSD. 4/177/ 07 / തിയ്യതി.17.08.07 | 21 |
| 1998-99 | നം.LF/KSD. 3/175 /07 / തിയ്യതി 17.08.07 | 4 |
| 1999-2000 | നം.KSA/KSD. 9/291 /2019 (6)തിയ്യതി 30.05.19 | 2 |

| | | |
|---|---|---|
| 2000-01 | നം.LF/KSD. 4/ 382/ 11/ തിയ്യതി 12.10.11 | 2 |
| 2001-02 | നം.LF/KSD. 4/93 /03 / തിയ്യതി 12.10.11 | 2 |
| 2002-03 | നം.LF/KSD. 3/107 /09 / തിയ്യതി 25.08.09 | 8 |
| 2003-04 | നം.LF/KSD. 3/108 /09 / തിയ്യതി 27.08.09 | 9 |
| 2004-05 | നം.LF/KSD. 3/ 109/09 / തിയ്യതി 14.09.09 | 17 |
| 2005-06 | നം.LF/KSD. /3 /312 /10 തിയ്യതി 17.09.09 | 12 |
| 2006-07 | നം.LF/KSD.3/ 313/10 / തിയ്യതി 17.09.10 | 5 |
| 2007-08 | നം.LF/KSD. 4/ 400/11 / തിയ്യതി 14.12.11 | 5 |
| 2008-09 | നം.LF/KSD.7/ 234/13 / തിയ്യതി.03.04.13 | 18 |
| 2009-10 | നം.LF/KSD. 7/ 235/13 / തിയ്യതി.03.04.13 | 18 |
| 2010-11, 2011-12 | നം.LF/KSD. 8/663 /15 / തിയ്യതി 14.07.15 | 15 |
| 2012-13, 2013-14 | നം.LF/KSD.8/508 /15 / തിയ്യതി 07.01.16 | 12 |
| 2014-15 | നം.KSA/KSD. 9/796 /16 / തിയ്യതി 29.07.16 | 14 |
| 2015-16 | നം.KSA/KSD. 9/2/17 / തിയ്യതി 05.01.17 | 15 |
| 2016-17 | നം.KSA/KSD.9/682/2017തിയ്യതി:22.06.2017 | 15 |
| 2017-18 | നം.KSA/KSD.9/083/2019തിയ്യതി:29.01.2019 | 14 |
| 2018-19 | നം.KSA/KSD.9/40/2020 തിയ്യതി:05.02.2020 | 15 |
| 2019-20 | നം.KSA/KSD.6/416/2021 തിയ്യതി:29.06.2021 | 12 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Valiyaparamba Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 1571885.00 |
| 140000000 | Fee & User Charges | I-4(b) | 272247.00 |
| 150000000 | Sale & Hire Charges | I-5(b) | 88555.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 76983406.00 |
| 171000000 | Interest Earned | I-8 | 51919.00 |
| 180000000 | Other Income | I-9 | 1230.00 |
| | Total Income | | 78969242.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7308630.00 |
| 220000000 | Administrative Expenses | I-11(b) | 900176.00 |
| 230000000 | Operations & Maintenance | I-12(b) | 421602.00 |
| 240000000 | Interest & Finance Charges | I-13 | 919.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1547582.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35044929.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 864378.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1611517.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 28309700.00 |
| 255000000 | Maintenance Projects | I-14(e) | 2213051.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| | Total Expenditure | | 78227484.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 741758.00 |
| 280000000 | Prior Period Item | I-18 | -8048889.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8790647.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം - 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Valiyaparamba Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5739891.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 548120.00 |
| 140000000 | Fees & User Charges | RP-4 | 243497.00 |
| 150000000 | Sale & Hire Charges | RP-5 | 79655.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 24886084.00 |
| 171000000 | Interest Earned | RP-9 | 51919.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5685198.00 |
| 350000000 | Other Liabilities | RP-36 | 438506.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 44226.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1230.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 700000.00 |
| 340000000 | Deposits Received | RP-34 | 65655.00 |
| 350000000 | Other Liabilities | RP-36 | 57094.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 968365.00 |
| | Grand total | | 39509440.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1928363.00 |
| 220000000 | Administrative Expenses | RP-12 | 848266.00 |
| 230000000 | Operations & Maintenance | RP-13 | 421602.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 1547582.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7240918.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 864378.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1611517.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 44000.00 |
| 255000000 | Maintenance Projects | RP-20 | 2213051.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | 242500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 606079.00 |
| 350000000 | Other Liabilities | RP-36 | 3817615.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 919.00 |
| 280000000 | Prior Period Item | RP-26 | -1800.00 |
| 340000000 | Deposits Received | RP-34 | 60810.00 |
| 350000000 | Other Liabilities | RP-36 | 1356948.00 |
| 410000000 | Fixed Assets | RP-38 | 6872535.00 |
| 412000000 | Capital work in Progress | RP-40 | 962228.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3180010.00 |
| 440000000 | Pre-paid Expenses | RP-45 | 700000.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 1412973.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3573916.00 |
| Cash | Cash | RP-40(b) | 30.00 |
| | Grand Total | | 39509440.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

Valiyaparamba Grama Panchayat
BALANCE SHEET

As on 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -2075306.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 40882444.00 |
| | Total Reserve & Surplus | | 38807138.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4910786.00 |
| | Total Grants, Contributions for Specific Purposes | | 4910786.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10299080.00 |
| | Total Loans | | 10299080.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 600267.00 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 924893.00 |
| | Total Current Liabilities and Provisions | | 1525160.00 |
| | TOTAL LIABILITIES | | 55542164.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 61439435.00 |
| 411000000 | Accumulated Depreciation | B-11 | -23443972.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 37995463.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3180010.00 |
| 440000000 | Pre-paid Expenses | B-16 | 10299080.00 |
| 450000000 | Cash and Bank Balance | B-17 | 3573946.00 |
| 460000000 | Loans, Advances and Deposits | B-18 | 493665.00 |
| | Total Current Assets, Loans and Advances | | 17546701.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 55542164.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.